"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് -ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ക്ലർക്കായ ശ്രീ.അശ്വിൻ ഗോപിനാഥ് എസ്.ന് എതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്

**G.O.(Rt)No.3141/2026/GEDN** തീയതി,തിരുവനന്തപുരം, **08-05-2026**

---

പരാമർശം:-
1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 28/09/2024-ലെ ഡിജിഇ/18280/2024-വിഎ4 നമ്പർ കത്ത്.
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 05/05/2025-ലെ ഡിജിഇ/18280/2024-വിഎ4 നമ്പർ ഉത്തരവ്
3. കുറ്റാരോപിതർക്ക് സർക്കാർ നൽകിയ 30/06/2025-ലെ പൊവി-ഡിഎ1/151//2024/ പൊ.വി.വ. നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രിക.
5. 15/12/2025-ലെ സ.ഉ(സാധാ) നം.10262/2025/ പൊ.വി.വ.
6. 16/03/2026-ലെ ഡിജിഇ/18280/2024-വിഎ4 നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച 16/03/2026-ലെ അന്വേഷണ റിപ്പോർട്ട്

**ഉത്തരവ്**

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ 04/09/2024 ൽ നടത്തിയ ആകസ്മിക സന്ദർശനത്തിൽ ഏതാനും ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.ടി ക്രമക്കേടുകൾക്ക് ഉത്തരവാദികളായി ശ്രീ.സുരേന്ദ്രൻപിള്ള കെ., ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ശ്രീമതി.ചിത്ര.പി.ഡി., സീനിയർ സൂപ്രണ്ട്, ശ്രീ.അശ്വിൻ ഗോപിനാഥ് എസ്., ക്ലാർക്ക്, , ശ്രീമതി.അനില.പി.എസ്. നൂൺമീൽ ഓഫീസർ എന്നിവരാണെന്ന് കണ്ടെത്തി ടിയാളുകൾക്കെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ കേരള സിവിൽ സർവീസ് (തരംതിരിക്കും

നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. എന്നാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീ.സുരേന്ദ്രൻപിള്ള.കെ.യുടെ അച്ചടക്ക അധികാരി സർക്കാർ ആയതിനാൽ ടിയാനെതിരെ ആരംഭിച്ച മേൽ അച്ചടക്ക നടപടി തുടരുന്നതിനുള്ള അനുമതി പരാമർശം (1) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അപേക്ഷിച്ചിരുന്നു.

2) എന്നാൽ ഒന്നിലധികം ജീവനക്കാർ ഉൾപ്പെട്ടിട്ടുള്ള കേസുകളിൽ മുഴുവൻ ജീവനക്കാർക്ക് എതിരെയും ഡിസ്മിസൽ/ റിമൂവൽ അടക്കമുള്ള കഠിന ശിക്ഷ ചുമത്താൻ അധികാരമുള്ള അതോറിറ്റിയാകണം അച്ചടക്ക നടപടി സ്വീകരിക്കേണ്ടത് എന്നതിനാൽ ഒരു കേസിൽ ഉൾപ്പെട്ട ജീവനക്കാർക്ക് എതിരെ വിവിധ അധികാരികൾ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത് ഉചിതമല്ലായെന്നതിനാൽ സർക്കാർ നിർദേശ പ്രകാരം മേൽ ഉദ്യോഗസ്ഥർക്കെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ ആരംഭിച്ച അച്ചടക്ക നടപടി പരാമർശം (2) പ്രകാരം റദ്ദാക്കിയിരുന്നു.

3) കുറ്റാരോപിതനായിരുന്ന ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ശ്രീ.സുരേന്ദ്രൻപിള്ള.കെ. 24/02/2025-ന് മരണപ്പെട്ടതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ടിയാനെതിരെയുള്ള നടപടികൾ അവസാനിപ്പിക്കുന്നതിന് സർക്കാർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് സർ ക്കാർ ശ്രീമതി .ചിത്ര. പി.ഡി., സീനിയർ സൂപ്രണ്ട്, ശ്രീമതി. അനില.പി.എസ്.,നൂൺമീൽ ഓഫീസർ, ശ്രീ.അശ്വിൻ ഗോപിനാഥ്.എസ്., ക്ളർക്ക് എന്നിവർക്കെതിരെ 1960 ലെ കേരള സിവിൽ സർവിസ് (തരംതിരിക്കും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (3) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു.

4) മേൽ കുറ്റപത്രത്തിന് ശ്രീമതി.ചിത്ര പി.ഡി. , അനില.പിഎസ്., ശ്രീ.അശ്വിൻ ഗോപിനാഥ്.എസ്. എന്നിവർ പരാമർശം (4) പ്രകാരം സമർ പ്പിച്ച പ്രതിവാദ പത്രികയിലെ മറുപടി പൂർണമായും തൃപ്തികരമല്ലാത്തതിനാൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (ജനറൽ) -നെ ചുമതലപ്പെടുത്തി പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു.

5) ടി ഔപചാരിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം

(6) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് അനുസരിച്ച് ശ്രീ. അശ്വിൻ ഗോപിനാഥ് എസ്. ന് 30/06/2025-ന് സർക്കാർ നൽകിയ കുറ്റപത്രത്തിലെ ഒന്നാം ചാർജ് നിലനിൽക്കുന്നതും, 2, 3, 4, 5 ചാർജുകൾ നിലനിൽക്കുന്നതല്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) സർക്കാർ ഈ വിഷയം ശ്രീ.അശ്വിൻ ഗോപിനാഥ് എസ്.ന്റെ പ്രതിവാദ പത്രിക, നിലവിലുള്ള ചട്ടങ്ങൾ, ഔപചാരിക അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥനത്തിൽ വിശദമായി പരിശോധിച്ചു.

7) ശ്രീ.അശ്വിൻ ഗോപിനാഥ് എസ്.ന് എതിരായ ഒന്നാമത്തെ ചാർജ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയില്ല എന്നതാണ്. തന്റെ കൈവശം കാശ് ഒന്നും ഇല്ലാതിരുന്നതിനാൽ ആണ് തുക രേഖപ്പെടുത്താതിരുന്നത് എന്ന് ടിയാൻ പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്. ക്യാഷില്ല എന്ന് രജിസ്റ്ററിൽ ടിയാന് രേഖപ്പെടുത്താമായിരുന്നു എന്നതിനാൽ ഒന്നാമത്തെ ചാർജ് മാത്രമാണ് നിലനിൽക്കുന്നതെന്ന് സർക്കാരിന് ബോധ്യപ്പെടുകയുണ്ടായി.

8) ഈ സാഹചര്യത്തിൽ ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ക്ലർക്കായ ശ്രീ.അശ്വിൻ ഗോപിനാഥ് എസ്. നെതിരെ 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി ചട്ടം 11(1)(i) പ്രകാരം സെൻഷ്വർ നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

9)കുറ്റാരോപിതരായ മറ്റു ഉദ്യോഗസ്ഥർ ക്കെതിരെയുള്ള അച്ചടക്ക നടപടി ബന്ധപ്പെട്ട ചട്ടപ്രകാരം സർക്കാർ തലത്തിൽ തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU R R**

**DEPUTY SECRETARY**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.അശ്വിൻ ഗോപിനാഥ് എസ്., ക്ലർക്ക് ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ , ചെങ്ങന്നൂർ, ആലപ്പുഴ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&.ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (പൊ.വി-ഡിഎ1/151/2024/പൊവിവ.)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
സെക്ഷൻ ഓഫീസർ
Date: 06-03-2026 12:03:02

പകർപ്പ്:ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എയ്ക്ക്